"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: H1-31621/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 26.08.2017.
Email : swdkerala@gmail.com
Phone: 0471 - 2306040.

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ആശ്വാസ കിരണം പദ്ധതി - ഗുണഭോക്താവിന്റെ ലൈഫ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്:

സൂചന:- കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.08.2017-ലെ P4/6515/2017/KSSM നം. കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതിയുടെ ധനസഹായം ഗുണഭോക്താവ് മരണപ്പെട്ടിട്ടും കൈപ്പറ്റുന്നതായി വയോമിത്രം കോ ഓർഡിനേറ്ററുടെ റാന്റം പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇത്തരത്തിൽ അപേക്ഷകൾ സ്വീകരിക്കുമ്പോൾ ഗുണഭോക്താവിന്റെ ലൈഫ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകൾ സ്വീകരിക്കുന്നതിനായി സൂചന പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങളും പ്രൊഫോർമയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:-

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

'ഭരണഭാഷ മാതൃഭാഷ'

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

## ലൈഫ് സർട്ടിഫിക്കറ്റ് പരിശോധിച്ചു നൽകേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

1. ആശ്വാസകിരണം പദ്ധതി സർക്കാർ മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
2. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി, മനോരോഗം എന്നിവ ബാധിച്ചവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. വരുമാന പരിധി ഇത്തരം അസുഖമുള്ളവർക്ക് ബാധകമല്ല.
3. ആശ്വാസകിരണം പദ്ധതി മാനദണ്ഡപ്രകാരം ഇനിയും ധനസഹായത്തിന് അർഹതയുള്ളവരുടെ അപേക്ഷകൾ താങ്കളുടെ പ്രദേശത്തുണ്ടെങ്കിൽ ധനസഹായം നൽകുന്നതിന് താങ്കളുടെ ശുപാർശ സഹിതം അതിനുള്ള അപേക്ഷ ലഭ്യമാക്കേണ്ടതാണ്.
4. പരിചാരകനോ, രോഗിയോ മരണപ്പെട്ടിട്ടുണ്ടെങ്കിൽ മരണതീയതി സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. **അപേക്ഷകന്റെ പേരും, മേൽവിലാസവും, പിൻകോഡും, ഫോൺ നമ്പറും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.**
6. **അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ IFSC കോഡ് എന്നിവയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.**
7. രോഗിയുടെ അവസ്ഥ മെച്ചപ്പെടുകയും പൂർണ്ണമായ പരിചാരകന്റെ ആവശ്യം ഇല്ലാതാകുകയും ചെയ്തിട്ടുണ്ടെങ്കിൽ ടി വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
8. പരിചാരകൻ രോഗിയെ പരിചരിക്കാതെ അഗതിമന്ദിരത്തിലോ, മറ്റേതെങ്കിലും സ്ഥാപനത്തിലോ പാർപ്പിച്ചിരിക്കുന്നോ എന്ന കാര്യം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
9. പരിചാരകന്റെ സേവനം രോഗിയ്ക്ക് തൃപ്തികരമാണോ എന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ നേരിൽ കണ്ട് ബോധ്യപ്പെടണം.
10. അപേക്ഷകൻ ധനസഹായം കൈപ്പറ്റുന്ന മേൽവിലാസത്തിലെ താമസക്കാരനാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. പഴയ ലിസ്റ്റായതിനാൽ ഐ.സി.ഡി.എസ് വിഭജിച്ചപ്പോൾ ഗുണഭോക്താക്കളുടെ പേരുകൾ മറ്റ് ഐ.സി.ഡി.എസുകളിൽ ഉൾപ്പെടാൻ സാധ്യതയുണ്ട്. (ഉദാഹരണം. വടകര-വടകര അഡീഷണൽ, നേമം -നേമം അഡീഷണൽ) അതുകൂടി പരിശോധിച്ചാണ് ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.)

**സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളുടെ സമുച്ചയം, പൂജപ്പുര, തിരുവനന്തപുരം - 695012, കേരള സംസ്ഥാനം, ഇന്ത്യ**
**ഫോൺ: 0471 – 2341200, 2348135, 2346016 (ഫാക്സ്)**
Email: socialsecuritymission@gmail.com www.socialsecuritymission.gov.in

12. സ.ഉ (എം.എസ്) നം. 47/2010 സാ.ക്ഷേ.വ തീയതി 02/08/2010 ഉത്തരവു പ്രകാ ഐ.സി.ഡി.എസ് സൂപ്പർവൈസർ നേരിട്ട് അന്വേഷണം നടത്തി ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് , ശുപാർശ ചെയ്യുന്ന അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസറുടെ ശുപാർശ സഹിതം ആശ്വാസകിരണം ധനസഹായം അനുവദിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ മാനദണ്ഡപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതിനുള്ള പൂർണ്ണ ചുമതല സൂപ്പർവൈസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവരിൽ നിക്ഷിപ്തമാണ്. (സ.ഉ എം.എസ്. നം.60/2012/സാ.ക്ഷേ.വ തീയതി 11.10.2012) ആയതിനാൽ ലൈഫ് സർട്ടിഫിക്കറ്റ് സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ പ്രത്യേക ശ്രദ്ധ ചെലുത്തി കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നേരിട്ടുപോയി അന്വേഷിച്ച് ഉറപ്പു വരുത്തിയശേഷം, സൂപ്പർവൈസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സപ്ലിമെന്ററി ലിസ്റ്റിൽ ഐ.സി.ഡി.എസ്- ന്റെ പേര്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി, കോർപ്പറേഷൻ/വാർഡ് നമ്പർ, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേര്, ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തി പ്രസ്തുത ലിസ്റ്റ് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ലിസ്റ്റുകൾ സൂക്ഷ്മപരിശോധന നടത്തി അപാകതകളൊന്നുമില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഓരോ സൂപ്പർവൈസറുടെ ലിസ്റ്റുകൾ ശിശുവികസന പദ്ധതി ഓഫീസർ കൺസോളിഡേറ്റ് ചെയ്യേണ്ടതുമാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സപ്ലിമെന്ററി ലിസ്റ്റും ശിശുവികസന പദ്ധതി ഓഫീസറുടെ കൺസോളിഡേറ്റഡ് ലിസ്റ്റും ശിശു വികസന പദ്ധതി ഓഫീസർ കൗണ്ടർ സൈൻ ചെയ്ത് അയച്ചു നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രം 2017 ആഗസ്റ്റ് 30-ാം തീയതിയ്ക്കകം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആസ്ഥാന ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കൾക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള ധനസഹായം അനുവദിക്കുന്നതിനായി ശിശുവികസന പദ്ധതി ഓഫീസർമാർ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയാൽ മാത്രമേ ധനസഹായം അനുവദിക്കുന്നതിന് സാധിക്കുകയുള്ളു. ആയതിനാൽ സമയപരിധി കൃത്യമായി പാലിച്ച് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

**ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ പരിശോധിച്ചു നൽകേണ്ട ലൈഫ് സർട്ടിഫിക്കറ്റ് സാക്ഷ്യപത്രം- സപ്ലിമെന്ററി ലിസ്റ്റ്**

**ഐ.സി.ഡി.എസ് - ന്റെ പേര് ....................................................................................................**

**പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/വാർഡ് നമ്പർ..............................................................**

| ക്രമ നമ്പർ | അപേക്ഷകന്റെ/ പേരും വിലാസവും, പിൻകോഡും ഫോൺ നമ്പർ | രോഗിയെ ഇപ്പോൾ പരിചരിക്കുന്ന വ്യക്തിയുടെ പേരും വിലാസവും, | രോഗിയുടെ പേരും വിലാസവും | രോഗി ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ | പരിചരിക്കുന്ന വ്യക്തി ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ | പരിചാരകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ ഐ.എഫ്.എസ്.സി നമ്പർ | രോഗിയുടെ അവസ്ഥ മെച്ചപ്പെടുകയും പൂർണ്ണസമയ പരിചാരകന്റെ ആവശ്യം ഇല്ലാതാകുകയും ചെയ്തിട്ടുണ്ടോ ? | പരിചാരകന്റെ ആധാർ കാർഡ് നമ്പർ | പരിചാരകന്റെ സേവനം രോഗിയ്ക്ക് തൃപ്തികരമാണോ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

ശിശു വികസന പദ്ധതി ഓഫീസർ
പേര്, ഒപ്പ്
സീൽ

ഐ.സി.ഡി.എസ് സൂപ്പർവൈസർ
പേര്,ഒപ്പ്
സീൽ

- പരിചാരകന്റെ മേൽവിലാസവും പിൻകോഡും, ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ് എന്നിവ നിർബന്ധമായി രേഖപ്പെടുത്തിയിരിയ്ക്കണം.
- (പരിചാരകന്റെ സേവനം രോഗിയ്ക്ക് തൃപ്തികരമല്ല എങ്കിൽ നിലവിലുള്ള പരിചാരകനെ ഒഴിവാക്കി പരിചരിക്കുന്നതിനായി മറ്റു ബന്ധുക്കളുടെ ആരുടെയെങ്കിലും പേരും വിലാസവും നിർദ്ദേശിക്കണം. ആയതിലേയ്ക്ക് പുതിയ അപേക്ഷ ശിശു വികസന പദ്ധതി ഓഫീസർ മുഖാന്തിരം സമർപ്പിക്കണം).

**................................................. ഐ.സി.ഡി.എസ് - ലെ ആശ്വാസകിരണം ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള വിവിധ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ കൺസോളിഡേറ്റഡ് ലിസ്റ്റ്.**

| ക്രമ നം | പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ വാർഡ് നമ്പർ | ആകെ ഗുണഭോക്താക്കളുടെ എണ്ണം | മരിച്ചുപോയ രോഗികളുടെ എണ്ണം | മരിച്ചുപോയ പരിചാരകരുടെ എണ്ണം | ധനസഹായം അനുവദിച്ചു വരുന്നവരുടെ എണ്ണം | മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ ഇതോടൊപ്പം ചേർക്കുക |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

ശിശു വികസന പദ്ധതി ഓഫീസർ

പേര്, ഒപ്പ്

(സീൽ)

മൊബൈൽ നമ്പർ/ലാന്റ്ഫോൺ നമ്പർ

ഇ-മെയിൽ

NB: 1. കോളം രണ്ട്- ഐ.സി.ഡി.എസ് സൂപ്പർവൈസറന്മാരുടെ പ്രവർത്തന മേഖലയുടെ വിശദാംശങ്ങൾ ചേർക്കണം

2. മറ്റെന്തെങ്കിലും കൂടുതൽ വിവരങ്ങളുണ്ടെങ്കിൽ അനുബന്ധമായി ചേർക്കണം